ഉത്തരം

(എ) ട്രഷറികളുടെ ആവശ്യകത പരിഗണിച്ചും സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായും പുതിയ ട്രഷറികൾ തുടങ്ങുന്നുണ്ട്.

(ബി) ചടയമംഗലം കേന്ദ്രമാക്കി പുതിയ സബ്ട്രഷറി തുടങ്ങാനുള്ള നടപടികൾ ഇപ്പോൾ നിലവില്ല.

(സി) തൽക്കാലം ഉദ്ദേശമില്ല.

ട്രഷറികളിൽ സൂക്ഷിക്കേണ്ട കരുതൽ തുക

60 (457) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ്വ് ബാങ്കുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ട്രഷറികളിൽ സൂക്ഷിക്കേണ്ട കരുതൽ തുക എത്രയാണ് ;

(ബി) 2000 ഡിസംബർ 31-ന് കണക്ക് ക്ലോസ് ചെയ്യുമ്പോൾ സംസ്ഥാനത്തെ ട്രഷറികളിൽ ഒട്ടാകെ എന്ത് തുക മിച്ചമുണ്ടായിരുന്നു ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ ക്വാർട്ടറിലും കണക്ക് ക്ലോസ് ചെയ്യുമ്പോൾ സംസ്ഥാനത്തെ ട്രഷറികളിൽ ഒട്ടാകെ എന്ത് തുക നീക്കിയിരിപ്പുണ്ടായിരുന്നു എന്ന് പറയാമോ ?

ഉത്തരം

(എ) 166 ലക്ഷം രൂപ.

(ബി) 31-3-2000-ൽ സംസ്ഥാനം 98.32 കോടി രൂപ ഓവർഡ്രാഫ്റ്റിലായിരുന്നു.

(സി) ഇത് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം 6-ആയി ചേർത്തിട്ടുണ്ട്.†

ഹാൻടെക്സ് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക

61 (458) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക് ട്രഷറിയിൽ നിന്ന് ഹാൻടെക്സിന് ഒരു കോടിയോളം രൂപ തെറ്റായി വകയിരുത്തിയിരുന്നോ ;

(ബി) അർഹതപ്പെട്ടതല്ലെന്ന് മനസ്സിലാക്കിയിട്ടും ഹാൻടെക്സ് ഉദ്യോഗസ്ഥന്മാർ ഈ തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ ;

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- V

28 (*88)-ാം നമ്പർ ചോദ്യം കാണുക

ഇനം	1995-മുതലുള്ള ഉയർന്നമാസ വില (രൂപ)	2000-ഡിസംബറിലെ വില (രൂപ)	വിലത്തകർച്ച (രൂപ)
നാളികേരം	693	200	493
റബ്ബർ	52	27	25
കുരുമുളക്	22367	11570	10797
അടയ്ക്ക	12542	2551	9991
കാപ്പി	9720	3370	6350
തേയില	7747	5147	2600
ഏലം	59300	46000	13300

അനുബന്ധം- VI

60 (457)-ാം നമ്പർ ചോദ്യം കാണുക.

CLOSING BALANCE OF GOVERNMENT OF KERALA ON EACH QUARTER FROM 1996-97

(Rupees in Crores)

Year	Quarter ended	Treasury Bill holding	WMA	OD
1996-1997	June	180.76		
	September	254.03		
	December	146.39		
	March	405.52		
1997-1998	June	150.64		
	September	127.30		
	December	.55		
	March	98.10		

LIBRARY ARCHIVES Kerala Legislative Assembly

	June		104.15	
	September	64.09		
1998-1999	December		62.29	
	March		123.81	
	June		47.87	
	September		82.04	
1999-2000	December			24.59
	March		45.79	
	June			61.13
	September		66.26	
2000-2001	December			98.32

അനുബന്ധം- VII

88 (486) -ാം നമ്പർ ചോദ്യം കാണുക

1. പഞ്ചായത്ത് ഭാരിവാഹികളുടെ ഓണറേറിയവും ബത്തകളും

തദ്ദേശ ഭരണ സ്ഥാപനം	ഓണറേറിയം (രൂപ)			
	പ്രസിഡന്റ്	വൈസ് പ്രസിഡന്റ്	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	പഞ്ചായത്ത് അംഗം
ഗ്രാമപഞ്ചായത്ത്	3500	2500	1500	1000
ബ്ലോക്ക് പഞ്ചായത്ത്	4000	3000	1750	1250
ജില്ലാ പഞ്ചായത്ത്	4500	3500	2000	1750

ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഹാജർ ബത്ത 32 രൂപ വീതവും (മാസപരിധി 160 രൂപയ്ക്കു വിധേയമായി). മറ്റു ജനപ്രതിനിധികൾക്ക് ഹാജർ ബത്ത 40 രൂപ വീതവും (മാസപരിധി 200 രൂപയ്ക്ക് വിധേയമായി) എല്ലാ തലത്തിലുമുള്ള പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കും ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഔദ്യോഗിക യാത്രയ്ക്ക് ഒന്നാം ക്ലാസ്സ് യാത്രാപ്പടിയും, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ അംഗങ്ങൾക്ക് രണ്ട് (എ) ക്ലാസ് പ്രകാരമുള്ള യാത്രാപ്പടിയുംലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly